**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1914** **20-06-2024 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ ഓപ്പൺ ജിമ്മിൽ ഉപകരണങ്ങൾ സ്ഥാപിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ മണ്ഡലത്തിൽ അനുവദിച്ച ഓപ്പൺ ജിമ്മിലേയ്ക്കുള്ള ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി ടെൻഡൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ടെൻഡർ പ്രസിദ്ധീകരിച്ച തീയതി, ടെൻഡർ തുക, നാളിതുവരെയുള്ള പുരോഗതി എന്നിവയുടെ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്.<br><br>ആലപ്പുഴ മണ്ഡലത്തിലെ ഓപ്പൺ ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായുള്ള ടെൻഡർ നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>ടൂറിസം വകുപ്പിന് കീഴിൽ കായിക വകുപ്പുമായി ചേർന്ന് ആലപ്പുഴ മണ്ഡലം ഉൾപ്പടെ തെരഞ്ഞെടുത്ത 7 സ്ഥലങ്ങളിൽ ഓപ്പൺ ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനായി 1.48 കോടി രൂപയുടെ ഭരണാനുമതി 16.02.2022-ൽ നൽകിയിരുന്നു. 24.06.2023-ൽ 62.32 ലക്ഷം രൂപയ്ക്ക് ജിം ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള സാങ്കേതികാനുമതി നല്കുകയും, 27.06.2023 ൽ ടെൻഡർ ക്ഷണിക്കുകയും ചെയ്തു. പ്രസ്തുത ടെൻഡറിൽ 9 ബിഡ്ഡുകൾ ലഭിച്ചിരുന്നു. ജിം ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ഒരു സാങ്കേതിക കമ്മറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചു. ടെൻഡറിൽ 9 കമ്പനികളുടെ ജിം ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനായി സാമ്പിൾ സമർപ്പിക്കാൻ ആവശ്യപ്പെടുകയും ഇതിൻ പ്രകാരം മൂന്നു കമ്പനികൾ മാത്രമെ സാമ്പിളുകൾ പൂർണ്ണമായോ ഭാഗികമായോ നൽകിയിരുന്നുള്ളൂ. സാങ്കേതിക കമ്മറ്റിയുടെ പരിശോധന പ്രകാരം ഒരു കമ്പനി മാത്രമെ യോഗ്യത നേടിയിരുന്നുള്ളൂ. ആയതിനാൽ 06.02.2024-ലെ സാങ്കേതിക കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം പ്രവൃത്തി റീ ടെൻഡർ ചെയ്യാൻ തീരുമാനിച്ചു.<br><br>24-04-2024 ൽ റീ-ടെൻഡർ ചെയ്യുകയും 4 ബിഡ്ഡുകൾ ലഭ്യമാകുകയും ചെയ്തു. ടെണ്ടറിൽ പങ്കെടുത്ത കമ്പനികളോട് സാമ്പിൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടപ്പോൾ 14.05.2024-ൽ ചേർന്ന ടെക്നിക്കൽ കമ്മിറ്റിയിൽ രണ്ട് കമ്പനികൾ മാത്രമാണ് |

| | | | |
|---|---|---|---|
| | | | സാമ്പിൾ സമർപ്പിച്ചത്. ആയതിനാൽ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം ജിം ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിനായി പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് എന്ന കേന്ദ്ര സർക്കാർ സ്ഥാപനത്തിൽ ടെസ്റ്റ് ചെയ്യുന്നതിനായി തീരുമാനിച്ചു. ആയത് ടെസ്റ്റ് ചെയ്യുന്നതിനുള്ള നടപടികൾ നടന്നു വരുന്നുണ്ട്. ടെസ്റ്റ് റിപ്പോർട്ട് ലഭ്യമായാലുടൻ കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത കരാറുകാരന് പ്രവൃത്തിയുടെ വർക്ക് ഓർഡർ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | എസ്.കെ.എഫ്. ന് കീഴിലുള്ള പ്രവൃത്തികൾ, കായിക ഉപകരണങ്ങൾ സ്ഥാപിക്കൽ എന്നിവയുടെ ടെൻഡർ നടപടികൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | ഇല്ല. കായിക ഉപകരണങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ടെക്നിക്കൽ കമ്മറ്റിയുടെ അംഗീകാരം ലഭ്യമാകുന്നതനുസരിച്ചാണ് ടെൻഡർ-ന് അംഗീകാരം നല്കുന്നത്. ഇതിനായി ഉപകരണങ്ങളുടെ സാമ്പിൾ സമർപ്പിക്കുന്നതിനു നിർദ്ദേശിക്കുകയും അത് വിലയിരുത്തിയശേഷം ഗുണനിലവാരം ഇല്ലെങ്കിൽ വീണ്ടും റീ-ടെൻഡർ ക്ഷണിക്കുകയുമാണ് ചെയ്യാറുള്ളത്. |

സെക്ഷൻ ഓഫീസർ